MEDICAL MISSIONARY

TIRUVALLA MEDICAL MISSION News Bulletin 2020/JAN - MAR

# ദൈവത്തിന്റെ കൈയ്യൊപ്പുമായി...




തിരുവല്ല മെഡിക്കൽ മിഷനോടുള്ള ദൈവിക പരിപാലനത്തിന്റെ സൂചകമായി, കൊറോണ ബാധയുടെ പശ്ചാത്തലത്തിലും ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കോവിഡ് 19 എന്ന മഹാമാരി എല്ലാ മേഖലയേയും ബാധിച്ചപോലെ തന്നെ പ്ലാറ്റിനം ജൂബിലി ബിൽഡിംഗ് ഫേസ് 2 നിർമ്മാണത്തെയും ബാധിച്ചു. എന്നാൽ ഇപ്പോൾ വളരെ വേഗത്തിൽ തുടർപണികൾ നടന്നുകൊണ്ടിരിക്കുന്നു.

എല്ലാ നിലകളിലും കോൺക്രീറ്റ് പണികൾ പൂർത്തീകരിച്ചു. ഇപ്പോൾ ഇലക്ട്രിക്കൽ, ഫയർ, പ്ലമ്പിങ് പണികൾ ആരംഭിക്കുകയാണ്. ഏതാനും മാസങ്ങൾക്കകം പ്രവർത്തനസജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു. പുതിയ വിംഗിന്റെ സൗകര്യങ്ങളും സംവിധാനങ്ങളും ആസ്പദമാക്കിയാണ് 2021 ലെ കലണ്ടർ തയ്യാറാക്കിയിരിക്കുന്നത്.

## I Love TMM ആരംഭിച്ചു

തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിയുടെ സർവ്വതോത്മുഖ വികസനം ലക്ഷ്യമാക്കി ജീവനക്കാരുടെ ഇടയിൽ ആരംഭിച്ച കൂട്ടായ്മയാണ് ഐ ലവ് ടി.എം.എം. വിവിധ ഡിപ്പാർട്ട്മെന്റിൽ പ്രവർത്തിക്കുന്ന ജീവനക്കാരിൽ, സമാനമായ അഭിരുചിയുള്ളവരെ കണ്ടെത്തി അവരെ സംഘം ചേർത്ത് ഒട്ടേറെ നവീന പദ്ധതികൾക്ക് രൂപം കൊടുത്തുകഴിഞ്ഞു.

തന്മൂലം സ്റ്റാഫ് അംഗങ്ങളുടെ പരസ്പര സഹകരണം വർദ്ധിക്കുകയും അതോടൊപ്പം അവരുടെ കഴിവുകളെ പ്രകടിപ്പിക്കാൻ വേദി ഒരുങ്ങുകയും ചെയ്യുന്നു.

# How we faced challenges?

**Col. (Rtd) Alex Varghese**
**Chairman**



As we all know, out of the four institutions of Dewan Bahadur Dr. V Verghese Hospital Trust Association, three are hospitals and one is nursing educational institution. I am sure that readers of this bulletin are generally aware of the impacts of COVID 19 on health sector. In order to tide over the revenue losses due to COVID slow down, most of the medical institutions in our vicinity resorted to cutting down of the salary of their staff and carried out other severe retrenchment activities to tide over the situation. Some of them had closed down some part of their medical departments. But by God's grace, our Governing Board, after taking stock of the situation, decided to trust in the provisions of our God, who used a raven and a widow to feed Elijah the prophet during the great famine in Israel. We decided to stand by our staff at this difficult situation and did not impart any salary cutting so far. This was in consonance with the mission of the trust. The morale of the staff is very high due to this act. With the cooperation of the staff, to overcome the downward dip of the revenue graph, we strictly controlled the expenditureand optimised the usage of resources. We thank God's mercy for helping us sail through thus far.

When the orders for admitting COVID patients at TMM Hospital Tiruvalla was given by the District health authorities, we formed a 'COVIDResponse Group' to take decisions instantaneously. They isolated areas for quarantine and treatment of patients and worked out the protocols for COVID treatments. A fever clinic was started and also procured all necessary equipment to take care of exposure of our staff and doctors.

TMM College had to face double challenge: (1) To send away the students to their home and to shift to online classes, (2) To hand over college hostel as FTLC for the local Govt agencies. In the midst of all these, we are still processing the papers for getting the additional 15 seats for BSc (Nursing). Admission procedures for BSc (Nursing) and MSc (nursing) are going on. College faculty rose to the occasion by starting online classes for students. They could even conduct a PTA meeting and prepare the parents also to face the changes coming on. TMM Hospital Mannamaruthy committee is going ahead with the construction of top two stories of Dr Evan Gilmour Davies block.They have got their master plan ready for further work. Once again I thank God for the provision of adequate funds at this fund starved situation. TMM Hospital Vazhoor committee has an additional responsibility to take care of the most susceptible group of old and invalids parents handed over to our care by the children residing abroad. They are doing a fine job and in addition planning to go ahead with phase 1 of their Platinum Jubilee block this year itself.

# ഒ.പി.സേവനം ഇനി വൈകുന്നേരങ്ങളിലും

കോവിഡ് 19 എന്ന മഹാമാരിയുടെ പശ്ചാത്തലത്തിൽ, തിരക്ക് ഒഴിവാക്കാനും, സാമൂഹിക ദൂരം പാലിക്കുവാനും സഹായകരമായി തിരുവല്ല മെഡിക്കൽ മിഷനിൽ ഡോക്ടേഴ്സിന്റെ ഒ.പി. സേവനങ്ങൾ വൈകുന്നേരങ്ങളിലും ലഭ്യമാക്കി തുടങ്ങി.

ജനറൽ മെഡിസിൻ, പീഡിയാട്രിക്സ്, ഓർത്തോപീഡിക്സ്, ഇ.എൻ.ടി. നെഫ്രോളജി, ഡെർമറ്റോളജി , എൻഡോഡോന്റിസ്, പൾമനോളജി, ചെസ്റ്റ്, ഫിസിഷ്യൻ തുടങ്ങിയ വിഭാഗങ്ങളിൽ പ്രത്യേക ഇളവുകളോടുകൂടിയാണ് സായാഹ്ന കൗണ്ടർ ആരംഭിച്ചിരിക്കുന്നത്.

ജയകുമാർ ആർ (മുൻസിപ്പൽ ചെയർമാൻ, തിരുവല്ല) ഈവനിംഗ് ഒ.പി.യുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ചടങ്ങിൽ ടി.എം.എം. വൈസ് ചെയർമാൻ സണ്ണി തോമസ്, ടി.എം.എം. സെക്രട്ടറി ബെന്നി ഫിലിപ്പ്, മെഡിക്കൽ സൂപ്രണ്ടന്റ് സാംസൺ കെ.സാം, അഡ്മിനിസ്ട്രേറ്റർ ജോർജ്ജ് മാത്യു തുടങ്ങിയവർ പങ്കെടുത്തു.




# NEWDOCTORS ON BOARD

- Dr. Justin Easow Sam - Consultant Endocrinologist (DM Endocrinology) MD, General Medicine )
- Dr. Asha Ben- Consultant ENT (MBBS, MS)
- Dr. Arundhathi Gurudayal - Consultant Dermatologist (MBBS, DDLV)
- Dr. Achu Shinu Ponnose - Endodontics (MDS)
- Dr. Mancy Mathew - Consultant Ophthalmologist (MBBS, MS)
- Dr. Mathew P Daniel - Consultant Neurosurgeion (MS,MCH)
- Dr.Sajith Sebastian - Consultant Gastroenterologist (MBBS,DNB(Medicine),MNAMS, Dr NB(GASTRO), MRCP (GASTRO-UK)
- Dr. Mathew Kiran Jacob - Junior Consultant (MBBS, MS ORTHO)
- Dr. Melba Mary Johnson - Junior Consultant (MBBS,MS ORTHO)

# എൻഡോക്രൈനോളജി വിഭാഗം ഉദ്ഘാടനം ചെയ്തു

മുൻപ് ഭാഗികമായി മാത്രം പ്രവർത്തിച്ചിരുന്ന ടി.എം.എം. എൻഡോക്രൈനോളജി വിഭാഗം, ആഴ്ചയിൽ എല്ലാ ദിവസവും പ്രവർത്തിക്കുന്ന വിധം നവീകരിച്ചു. സമ്പൂർണ്ണ സൗകര്യങ്ങളോടു കൂടിയ ഡിപ്പാർട്ട്മെന്റിന്റെ ഉദ്ഘാടനം വൈസ് ചെയർമാൻ സണ്ണി തോമസ് നിർവ്വഹിച്ചു.

മുൻ ചെയർമാൻ ജോർജ്ജ് കോശി മൈലപ്ര ആമുഖപ്രഭാഷണം നടത്തി. സെക്രട്ടറി ബെന്നി ഫിലിപ്പ് മുൻ ഇ.ഡി. റെജി സാം ചെറിയാൻ, ഡോ. സാംസൺ കെ. സാം (MS), ജോർജ്ജ് മാത്യു (അഡ്മിനിസ്ട്രേറ്റർ) എന്നിവർ വിവിധ പരിപാടികളിൽ പങ്കെടുത്തു. ഡോ. ജസ്റ്റിൻ ഈശോ സാം ആണ് പുതുതായി ചുമതല ഏറ്റെടുത്ത എൻഡോക്രൈനോളജിസ്റ്റ്.



## ഡയബറ്റിക് സെമിനാർ

ഡയബറ്റിക് ദിനാചരണത്തോടനുബന്ധിച്ച് നടന്ന പ്രത്യേക സമ്മേളനം സെക്രട്ടറി ബെന്നി ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. ന്യൂറോപ്പതിക് ഡയബറ്റീസിനെപ്പറ്റി ഡോ.നിഖിൽ ഗ്ലാഡ്സൺ പഠനക്ലാസ് എടുത്തു. ഡയബറ്റീസ് ഡയറിയുടെ പ്രകാശനം ജോർജ്ജ് കോശി മൈലപ്ര നിർവ്വഹിച്ചു.



Continous Glucose Monitor സംവിധാനത്തിന്റെ ഉദ്ഘാടനം മുൻ ഇ.ഡി. റെജി സാം ചെറിയാൻ നടത്തി. ഡോ. സാംസൺ കെ. സാം, മുൻ സെക്രട്ടറി സാബു ഏബ്രഹാം, ജോർജ്ജ് മാത്യു, ഡോ. ജസ്റ്റിൻ ഈശോ സാം എന്നിവർ പ്രസംഗിച്ചു.

## ഡയാലിസിസ് രോഗികൾക്ക് ആശ്വാസം

രാജീവ്ഗാന്ധി ഗുഡ്വിൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ നേതൃത്വത്തിൽ തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റലിൽ 7 ഡയാലിസിസ് രോഗികൾക്ക്, 12 സൗജന്യ ഡയാലിസിസ് ചെയ്യുവാനുള്ള നടപടി സ്വീകരിച്ചു. മുൻ രാജ്യസഭാ ഉപാധ്യക്ഷൻ പ്രൊഫ. പി.ജെ. കുര്യൻ, മുൻസിപ്പൽ ചെയർമാൻ ആർ ജയകുമാർ എന്നിവർ യോഗത്തിൽ പ്രസംഗിച്ചു.

## അഭിമുഖം



*ടി.എം.എമ്മിൽ പുതുതായി ആരംഭിച്ച എൻഡോക്രൈനോളജി വിഭാഗത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി ഡോ. ജസ്റ്റിൻ ഈശോ സാം വിശദീകരിക്കുന്നു.*

### എൻഡോക്രൈനോളജി എന്നാൽ എന്താണ്?

ശരീരത്തിന്റെ വിവിധ അവയവങ്ങളിൽ ഉള്ള എൻഡോക്രൈൻ ഗ്രന്ഥികളിൽ ഉണ്ടാകുന്ന ഹോർമോണുകളുമായി ബന്ധപ്പെടുന്ന ഒരു വൈദ്യശാസ്ത്ര ശാഖയാണ് എൻഡോക്രൈനോളജി. ഈ ഗ്രന്ഥികളുടെ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരം നിർദ്ദേശിക്കുകയാണ് ഞങ്ങളുടെ ജോലി.

### എന്തൊക്കെയാണ് ഇത്തരം ഗ്രന്ഥികളുടെ പ്രശ്നം മൂലമുണ്ടാകുന്ന രോഗങ്ങൾ?

പലതരം ഡയബറ്റീസാണ് ഒരു പ്രധാനപ്രശ്നം. രോഗിയുടെ പ്രശ്നം എന്താണെന്നും അതിന്റെ കാരണങ്ങൾ എന്താണെന്നും കൃത്യമായി കണ്ടെത്തുവാനും പരിഹാരം നിർദ്ദേശിക്കുവാനും ഒരു എൻഡോക്രൈനോളജിസ്റ്റിന് കഴിയും.

തൈറോയിഡ് ഗ്രന്ഥിയിലുണ്ടാകുന്ന പലതരം പ്രശ്നങ്ങളാണ് മറ്റൊരു മേഖല. കൂടാതെ അമിതവണ്ണം, ഗർഭാശയ സംബന്ധമായ പ്രശ്നങ്ങൾ, കൗമാരകാലത്ത് നേരിടുന്ന വിവിധ ആരോഗ്യപ്രശ്നങ്ങൾ, പിറ്റ്യൂട്ടറി ഗ്രന്ഥിയുടെ പ്രശ്നങ്ങൾ എന്നിങ്ങനെ അടിസ്ഥാനപരമായ ഒട്ടേറെ ശാരീരിക പ്രശ്നങ്ങളുടെ മൂലകാരണങ്ങളിലേക്ക് സമഗ്രമായി വെളിച്ചം വീശുവാൻ ഒരു എൻഡോക്രൈനോളജിസ്റ്റിന് കഴിയും.

അസ്ഥികളുടെ ബലക്ഷയം ഇന്ന് വലിയൊരു പ്രശ്നമാണ്. അതുപോലെ പ്രമേഹം മൂലം കണ്ണുകൾക്കുണ്ടാവുന്ന അനാരോഗ്യവും ഗുരുതരമാവുകയാണ്. മാനസിക പ്രശ്നങ്ങളായി മാറാവുന്ന പലതിന്റേയും പിന്നാമ്പുറത്ത്, ഹോർമോണുകളുടെ പ്രവർത്തനത്തിലെ അപാകതകൾ കണ്ടെത്താൻ കഴിയും.

### തിരുവല്ല മെഡിക്കൽ മിഷനിൽ ഇതൊക്കെ പരിശോധിക്കാനുള്ള സംവിധാനങ്ങളുണ്ടോ?

തീർച്ചയായും ഉണ്ട്. 2020 ഒക്ടോബറിൽ ആരംഭിച്ച നമ്മുടെ ഡിപ്പാർട്ട്മെന്റിലൂടെ നൂറു കണക്കിന് രോഗികൾ ദീർഘകാലമായി പരിഹാരം കാണാതിരുന്ന പലപ്രശ്നങ്ങൾക്കും ആശ്വാസവും കണ്ടെത്തി മടങ്ങിപ്പോയിട്ടുണ്ട്. അത്യാധുനികമായതും വളരെ കൃത്യതയോടെയുമുള്ള പരിശോധനകൾക്ക് വേണ്ട സൗകര്യങ്ങൾ ഇപ്പോൾ ടി.എം.എമ്മിലുണ്ട്.

### താങ്കളുടെ പഠനവും മുമ്പുള്ള തൊഴിൽ പരിശീലനവും?

ഞാൻ എൻഡോക്രൈനോളജി സൂപ്പർസ്പെഷ്യാലിറ്റിയാണ് പഠിച്ചത്. തുടർന്ന് ചില വർഷങ്ങൾ അന്യ സംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളിൽ സേവനം അനുഷ്ഠിച്ചു. അതിനു ശേഷമാണ് ടി.എം.എമ്മിൽ പ്രവർത്തനം ആരംഭിച്ചത്. മദ്ധ്യതിരുവിതാംകൂറിലെ ഏറ്റവും മികച്ച എൻഡോക്രൈനോളജി ചികിത്സാ സംവിധാനങ്ങൾ ഉള്ള ഒരു ആശുപത്രിയായി ടി.എം.എം. ശ്രദ്ധേയമാകുകയാണ്.

# ഐ ലവ് ടി.എം.എം.പ്രവർത്തനങ്ങൾ

## ഹീലിംഗ് സൗണ്ട്

എല്ലാ ശനിയാഴ്ചയും രാവിലെ പതിനൊന്നു മണി വരെ ഒരു ആത്മീയ ഗാനശുശ്രൂഷ, ഹീലിംഗ് സൗണ്ട് എന്ന പേരിൽ നടത്തപ്പെടുന്നു. ഇത് ടി.എം. എമ്മിലെ തന്നെ പാടാൻ കഴിവുള്ള സ്റ്റാഫ് അംഗങ്ങളാൽ നടത്തപ്പെടുന്നു. നാൽപ തിനു മുകളിൽ ഗായകർ ഈ പരിപാടി യിൽ പങ്കെടുക്കുന്നുണ്ട്. വരുന്ന ദിവസങ്ങ ളിൽ ഈ ശുശ്രൂഷ എല്ലാ ദിവസവും നട ത്താവുന്ന രീതിയിൽ ക്രമീകരിച്ചുകൊണ്ടി രിക്കുന്നു. ടി.എം.എമ്മിലെ സ്റ്റാഫ് അംഗ ങ്ങൾ അവരുടെ മക്കൾ എന്നിവരും ഈ പരിപാടികളിൽ പങ്കെടുക്കുന്നു.






**ഫോട്ടോ ഫ്രെയിമിംഗ്, പെയിന്റിംഗ്, ഗാർഡനിംഗ് പ്രവർത്തനങ്ങൾ**

ടി.എം.എമ്മിൽ ജനിക്കുന്ന ഓരോ കുഞ്ഞിനും, മാതാപിതാക്കൾ ഉൾപ്പെട്ട ഒരു ഫോട്ടോ നൽകുന്ന പതിവ് ഉണ്ടായിരുന്നു. പുറത്ത് നിന്നും വാങ്ങിയിരുന്ന ഫ്രെയിം ആയിരുന്നു അതിന് ഉപയോഗിച്ചിരുന്നത്. എന്നാൽ ഇപ്പോൾ ഫോട്ടോ എടുക്കുന്നതുമുതൽ പ്രിന്റിംഗ്, കൂടാതെ ഫോട്ടോ ഫ്രെയിം നിർമ്മാണം, വിതരണം എല്ലാം ടി.എം.എം. ക്രിയേറ്റീവ് ഗ്രൂപ്പ് ആണ് നിർവ്വഹിക്കുന്നത്. ക്രിയേറ്റീവ് ജോലികളിൽ താല്പര്യമുള്ള സ്റ്റാഫ് അംഗങ്ങളെ കണ്ടെത്തി അവരെ കൂടി ഉൾപ്പെടുത്തിയാണ് ഈ കാര്യങ്ങൾ ചെയ്യുന്നത്. കൂടാതെ വാൾ പെയിന്റിംഗ്, ഗാർഡനിംഗ് മുതലായ ജോലികളിലും താല്പര്യമുള്ളവരെ ഉൾപ്പെടുത്തി അവർക്ക് ട്രെയിനിംഗ് നൽകുകയും പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.

പുരാതനമായ ഒരു ക്യാമ്പസ് എന്ന നിലയിൽ ശുദ്ധീകരണപ്രക്രിയ വളരെ ഭാരിച്ചതും ബുദ്ധിമുട്ട് ഉള്ളതുമാണ്. എന്നാൽ ഇപ്പോൾ കൃത്യമായ ഓഡിറ്റിംഗ് നടത്തി മാലിന്യം കൃത്യമായി തരംതിരിച്ച് അവ നിർമ്മാർജനം ചെയ്യുന്നു.

ടി.എം.എമ്മിന്റെ സുഗമമായ നടത്തിപ്പിനും ആത്മീയ ഉന്നതിക്കും വേണ്ടി ഈ പ്രൊജക്ടിന്റെ ഭാഗമായി പ്രാർത്ഥനായോഗങ്ങൾ നടത്തിവരുന്നു.

## ആത്മികപ്രവർത്തനങ്ങൾ, സ്പിരിച്ച്വൽ സെമിനാറുകൾ

പുതിയ ഭരണസമിതി ചുമതല ഏറ്റെടുത്തതിന് ശേഷം സ്പിരിച്ച്വൽ കമ്മറ്റിയുടെ നേതൃത്വത്തിൽ, രണ്ട് ആത്മിക സെമിനാറുകൾ സൂം പ്ളാറ്റ്ഫോമിലൂടെ നടത്തുകയുണ്ടായി. ഭരണസമിതിയംഗങ്ങളും സ്റ്റാഫും കൂടാതെ ഒട്ടേറെ അഭ്യുദയാകാംക്ഷികളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പങ്കെടുത്തു. സുവി. ജോൺ കുര്യൻ, സുവി. വർഗ്ഗീസ് ജോൺ എന്നിവർ ഈ സെമിനാറുകളിൽ ദൈവവചനം പങ്കുവെച്ചു.




ആത്മീയ സന്ദേശം അടങ്ങിയ 5 പുതിയ ബുക്ക്ലെറ്റുകളുടെ 22,000 കോപ്പികൾ അച്ചടിച്ച് വിതരണം ചെയ്തു. കൂടാതെ നിലവിലുണ്ടായിരുന്ന ട്രാക്റ്റുകളും ബുക്ക്ലറ്റുകളും വിതരണം ചെയ്യുകയുണ്ടായി.

അപ്പർ റൂം എന്ന പേരിൽ ആശുപത്രിയുമായി ബന്ധപ്പെട്ട വിവിധ കാര്യങ്ങൾ പ്രാർത്ഥിക്കുവാൻ സ്റ്റാഫ് ടീമിൽ ഉൾപ്പെടുന്നവർ പതിവായി ഒത്തുചേരുവാൻ തുടങ്ങി. പതിവായി നടന്നു വരുന്ന എല്ലാ ആത്മിക ശുശ്രൂഷകളും തുടരുകയും ചെയ്യുന്നു.

## ഇനി വീട്ടിലെത്തും ഡോക്ടറും ടീമും

കോവിഡ് 19 എന്ന മഹാമാരിയുടെ പശ്ചാത്തലത്തിൽ രോഗികൾ ചികിത്സക്കായി ആശുപത്രിയിൽ വരുന്നതിന്റെ പ്രയാസം മനസ്സിലാക്കി ടി.എം.എം, ഹോം കെയറും ടെലിമെഡിസിൻ സംവിധാനവും ആരംഭിക്കുകയുണ്ടായി. ടി.എം.എം. ഹോസ്പിറ്റലിന് 30 കി.മീ ചുറ്റളവിലുള്ള വീടുകളിലെത്തി വയോജനങ്ങളെയും കിടപ്പുരോഗികളേയും പരിശോധിച്ച് ചികിത്സ നൽകുന്നു എന്നതാണ് ഈ പദ്ധതിയിലൂടെ ചെയ്യുന്നത്.

## വീട്ടിലിരുന്ന് ഡോക്ടറെ കാണാം

ജനറൽ മെഡിസിൻ, പീഡിയാട്രിക്സ് വിഭാഗത്തിൽ വീഡിയോ മുഖേന ഡോക്ടറുമായിട്ട് ചികിത്സ തേടാനുള്ള സൗകര്യം ഇപ്പോൾ ടി.എം.എമ്മിൽ ഒരുക്കിയിട്ടുണ്ട്. കോവിഡ് 19 എന്ന മഹാമാരി നിലനിൽക്കേ ഇത്തരത്തിലുള്ള ഒരു സേവനം എല്ലാ അർത്ഥത്തിലും പ്രയോജനകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.




## ശസ്ത്രക്രിയകൾ 50% സൗജന്യ നിരക്കിൽ

സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന രോഗികൾക്കായി തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിയിൽ ഒരു മാസക്കാലം 50% സൗജന്യ നിരക്കിൽ ശസ്ത്രക്രിയകൾ നടത്തി. അപ്പെൻഡിസ്, ഹെർണിയ, പൈൽസ്, വെരിക്കോസ് വെയിൻ തുടങ്ങിയ രോഗങ്ങൾ ഉള്ളവർ ഈ സേവനങ്ങൾ പ്രയോജനപ്പെടുത്തുകയുണ്ടായി.

# വികസന വഴിയിൽ വാഴൂർ



**Thomas Korah**
Secretary, Vazhoor

വാഴൂർ. പ്രശസ്ത ഡയബറ്റോളജിസ്റ്റ് ഫിസിഷ്യൻ ഡോക്ടർ ബി. ഗോപകുമാർ എം.ഡി. (റിട്ടയേർഡ് അസിസ്റ്റന്റ് പ്രൊഫസർ, മെഡിക്കൽ കോളജ്, കോട്ടയം) ഇവിടെ ചാർജ്ജെടുത്തിരിക്കുന്നു. ആയത് ഹോസ്പിറ്റലിന് ഒരു പുത്തൻ ഉണർവ്വു നൽകിയിരിക്കുകയാണ്. ഇദ്ദേഹത്തിന്റെ നിസ്തുല സേവനം ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലെ രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 2 വരെ ലഭ്യമാണ്.

**റേഡിയോളജി വിഭാഗം**

ടി.എം.എം. വാഴൂർ ഹോസ്പിറ്റലിലെ റേഡിയോളജി വിഭാഗം നവീകരിച്ച് ഡിജിറ്റൽ ഇമേജിംഗ് സിസ്റ്റത്തിലേക്ക് മാറ്റിയിരിക്കുന്നത് കൂടുതൽ സൗകര്യപ്രദമായിരിക്കുന്നു. ഈ ഡിപ്പാർട്ട്മെന്റിന്റെ സേവനം തിങ്കൾ മുതൽ ശനി വരെ രാവിലെ 9 മുതൽ വൈകിട്ട് 5 വരെ ലഭ്യമാണ്. അത്യാഹിതങ്ങളിൽപ്പെടുന്ന പലരും ഇപ്പോൾ വാഴൂർ ആശുപത്രിയിൽ തക്കസമയത്ത് എത്തി പ്രാഥമിക ചികിത്സ എടുക്കുന്നതു കൊണ്ട് ഒട്ടേറെ ജീവനുകൾ നിലനിർത്തുവാൻ കഴിയുന്നു.

വയോജനങ്ങൾക്കായി ക്രമീകരിച്ചിരിക്കുന്ന ഒയാസിസ് വാർഡിൽ ചില മുറികൾ ഇപ്പോൾ ആവശ്യക്കാർക്ക് ലഭ്യമാണ്

വളർച്ചയുടെ പുതിയ പടവുകൾ കയറിക്കൊണ്ടിരിക്കുന്ന ഈ സ്ഥാപനത്തിന്റെ നന്മയ്ക്കും ശ്രേയസ്സിനും വേണ്ടി നിങ്ങളും ഞങ്ങളോടൊപ്പം കൈകോർക്കുമെന്ന് പ്രത്യാശിക്കുന്നു.





**ഈ പത്രികയിൽ പറയുന്ന കാര്യങ്ങളെപ്പറ്റി കൂടുതൽ വിവരങ്ങൾ അറിയുവാൻ വിളിക്കുക.**

**തിരുവല്ല : 9400831111**
**വാഴൂർ : 0481-2456322**
**മന്ദമരുതി : 0473 - 5262626**
**കോളജ് ഓഫ് നഴ്സിംഗ് : 0469 - 2618653**

# ആധുനികമായി, മന്ദമരുതി



**Sunny Thomas**
Secretary, Mannamaruthi

മന്ദമരുതിയിലെ ടി.എം.എം. ആശുപത്രി കൂടുതൽ മികവിലേക്ക് നടന്നടുക്കുന്നു. പുതിയ മൂന്നുനിലകെട്ടിടം ഉടനെ പ്രവർത്തിച്ചുതുടങ്ങും. അതോടെ സ്ഥാപനത്തിന്റെ മുഖച്ഛായതന്നെ മാറ്റപ്പെടും.

ആശുപത്രിയുടെ അഭ്യുദയകാംക്ഷികളായ വിദേശത്തും സ്വദേശത്തുമുള്ളവരുടെ നിർലോഭമായ സഹകരണം മൂലമാണ് ഈ നിർമ്മിതി നടന്നുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ അമേരിക്ക ആസ്ഥാനമായുള്ള ജി.എം.ഐ.യുടെ നിർലോഭ സഹകരണങ്ങൾ നന്ദിപൂർവ്വം അനുസ്മരിക്കേണ്ടിയിരിക്കുന്നു. ജി.എം.ഐ. ചെയർമാൻ ജോർജ്ജ് പി. ജോണിന്റെ പിൻതുണ എടുത്തു പറയേണ്ടതാണ്.

1948ൽ പ്രവർത്തനം ആരംഭിച്ച മന്ദമരുതിയിൽ, ചർച്ച്വേഡ്, സ്മിത്ത്, ഫൗണ്ടൻ, ഡേവിസ് തുടങ്ങിയ മിഷനറി ഡോക്ടർമാരുടെ സാന്നിധ്യം നിരന്തരം ഉണ്ടായിരുന്നു. തിരുവല്ലയിലെ ആശുപത്രിയുടെ നിയന്ത്രണത്തിലായിരുന്നുവെങ്കിലും ഇടക്കാലത്ത് സ്ഥാപനം കൈമോശം വരുന്ന ഘട്ടംവരെ എത്തിയിരുന്നു. എന്നാൽ റാന്നിയിലുള്ള സഹോദരന്മാരുടെ കഠിനാദ്ധ്വാനത്തിലൂടെ സ്ഥാപനം വീണ്ടും നമ്മുടെ നിയന്ത്രണത്തിലാവുകയായിരുന്നു. റാന്നിയിലുള്ള സഭകളുടെ നിർലോഭമായ സഹകരണത്തിലാണ് ഇപ്പോൾ ആശുപത്രി പുരോഗമിക്കുന്നത്.

2010ലാണ് പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടന്നത്. സാമ്പത്തിക കാരണങ്ങളാൽ ഒന്നാം നിലയിൽ പണി നിർത്തിവയ്ക്കേണ്ടിവന്നു. എന്നാൽ 2018ൽ രണ്ടും മൂന്നും നിലകളുടെ പണി തുടർന്നു. അതാണ് ഇപ്പോൾ പ്രവർത്തനക്ഷമമായിത്തീർന്നിരിക്കുന്നത്.

ഇവിടെയുള്ള സുവിശേഷകന്മാരുടെ ചുമതലയിൽ വിവിധ ആത്മീയ ശുശ്രൂഷകളും പ്രാർത്ഥനയും പതിവായി നടന്നുവരുന്നു. ഇത്രത്തോളം നടത്തിയ ദൈവത്തിന് സ്തുതി. പക്ഷേ ഇനിയും നമുക്ക് ഏറെ മുമ്പോട്ട് പോകുവാനുണ്ട്. വൈകാതെ ഒരു ചാപ്പലും കാന്റീനും പണിയണമെന്ന് താല്പര്യപ്പെടുന്നു. പുതിയ ഡിപ്പാർട്ട്മെന്റുകൾ ഉടനെ തുടങ്ങുവാനും പദ്ധതിയുണ്ട്. ദൈവജനത്തിന്റെ പ്രാർത്ഥന ഞങ്ങൾ സാദരം ക്ഷണിക്കുന്നു.

കൂടാതെ 5 നിലകളിലായി 75,000 സ്ക്വയർഫീറ്റ് വലിപ്പമുള്ള ഒരു കെട്ടിടം പണിയുവാനും ക്രമീകരണം ചെയ്യുന്നുണ്ട്. അതിൽ ഓപ്പറേഷൻ തീയേറ്റർ, 200 കിടക്കകൾ, കാഷ്വാലിറ്റി, ഫാർമസി, കൺസൾട്ടേഷൻ മുറികൾ, ലാബ്, എക്സ്റേ, എന്നിവയായിരിക്കും മുഖ്യമായും ഉണ്ടാവുക. റാന്നി – മൂവാറ്റുപുഴ ഹൈവേയിൽ നിർദ്ദിഷ്ട വിമാനത്താവളത്തിന് കേവലം 2 കി. മീ. മാത്രം അകലെയാണ് നമ്മുടെ ഈ സ്ഥാപനം നിൽക്കുന്നത് എന്നത് ഇതിന്റെ സാധ്യതകൾ വർദ്ധിപ്പിക്കുന്നു



# ടി.എം.എം. നഴ്സിംഗ് സ്കൂൾ പ്ലാറ്റിനം ജൂബിലിയുടെ നിറവിൽ



**Jaison James**
Treasurer, CoN & SoN

വളർച്ചയുടെ വഴിത്താരയിൽ നിർണ്ണായകമായ ഒരു നാഴികകല്ലിൽ എത്തിയിരിക്കുകയാണ് ടി.എം.എം. നഴ്സിംഗ് സ്കൂൾ. കേരളത്തിലെ പ്രൈവറ്റ് സെക്ടറിൽ ആരംഭിച്ച ആദ്യത്തെ ഈ നഴ്സിംഗ് സ്കൂൾ, 2020 ൽ 75 വർഷം പൂർത്തിയാക്കിയിരിക്കുന്നു.




ദൗർഭാഗ്യവശാൽ, സർക്കാർ തീരുമാനപ്രകാരം നഴ്സിംഗ് സ്കൂളുകൾ ഈ വർഷത്തോടെ അവസാനിപ്പിക്കുകയാണ്. ഇത്രയുംകാലം നഴ്സിംഗ് വിദ്യാഭ്യാസം, പ്രൈവറ്റ് സെക്ടറിൽ നൽകിയ മറ്റൊരു സ്ഥാപനവും ഇല്ല എന്ന തലയെടുപ്പോടെയാണ്, ഈ ബാച്ചോടെ ടി.എം.എം. നഴ്സിംഗ് സ്കൂൾ വിദ്യാഭ്യാസത്തിന് വിരാമം കുറിക്കുന്നത്.

1943ൽ പ്രവർത്തനം ആരംഭിച്ചെങ്കിലും ഏതാനും വർഷങ്ങൾക്കുശേഷമാണ് ഔപചാരികമായ അംഗീകാരത്തോടെ സ്കൂൾ പ്രവർത്തനക്ഷമമായത്.

40കളുടെ തുടക്കത്തിൽ ക്രൈസ്തവ മിഷണറിമാരുടെ പ്രത്യേക താല്പര്യ പ്രകാരം തദ്ദേശീയരായ പെൺകുട്ടികൾ നഴ്സിംഗ് പഠനത്തിനായി മുന്നിട്ടിറങ്ങിത്തുടങ്ങി. അത് ശുഭോദാർക്കമായ തുടക്കമായിരുന്നു. കേരളത്തിലെ സാമ്പത്തിക ഗ്രാഫ്തന്നെ മാറ്റിവരച്ച മുന്നേറ്റമായിരുന്നു അത്. 1940 ൽ ദിവാൻ ബഹാദൂർ ഡോ വി. വർഗീസിൽ നിന്നും ടി.എം.എമ്മിന്റെ ഭരണച്ചുമതല ഏറ്റെടുത്ത ഡോ. ചർച്ച്വേഡിന്റെ ഭാര്യ, ഒരു നഴ്സ് കൂടെയായ റേച്ചൽ ചർച്ച് വേഡായിരുന്നു ടി.എം.എം. നഴ്സിംഗ് കോളജിന്റെ ആദ്യ പ്രിൻസിപ്പാൾ. അവരോടൊപ്പം ഇംഗ്ലണ്ടിൽനിന്നും മിസ്പാർക്കിൻസണും, ആസ്ട്രേലിയയിൽ നിന്നും മിസ് എലിയട്ടും സഹായത്തിനായുണ്ടായിരുന്നു. തുടർന്ന് വിദേശത്തുനിന്നും പ്രത്യേകം നഴ്സിംഗ് പരിശീലനം നേടിയ 15 പേരും, കൂടാതെ ഭാരതീയരും, അധ്യാപക സംഘത്തിലേക്ക് കാലാകാലങ്ങളിൽ ചേർക്കപ്പെട്ടു. ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ (CMAI) യുടെയും, മദ്രാസ് നഴ്സസ് & മിഡ്വൈവ്സ് കൗൺസിലിന്റെയും അംഗീകാരം വൈകാതെ ലഭിക്കുകയും ചെയ്തു. കേരള സംസ്ഥാനം രൂപീകരിക്കപ്പെട്ടശേഷം KNMCയുടെ അംഗീകാരവും ടി.എം.എം. നഴ്സിംഗ് സ്കൂളിന് കരഗതമായി.

തുടർന്ന് സ്ഥാപനത്തിന്റെ പ്രിൻസിപ്പലായി ചുമതല ഏറ്റെടുത്ത മിസ് മേരി ബാർസ്‌ലിയുടെ കാലഘട്ടം നഴ്സിംഗ്സ്കൂളിന്റെ പുഷ്ക്കല കാലമായി പരിഗണിക്കപ്പെടുന്നു. പുതിയ പഠന സമ്പ്രദായങ്ങൾ വന്നു. പുതിയ കെട്ടിടങ്ങൾ രൂപം കൊണ്ടു. 15ൽ തുടങ്ങിയ വിദ്യാർത്ഥികളുടെ സംഖ്യ പ്രതിവർഷം 40 ആയി ഉയർന്നു.... അങ്ങനെയങ്ങനെ ഒട്ടേറെ പുരോഗമനങ്ങളുടെ കാലം. ഒടുവിൽ 1983ൽ മേരി ബാർഡ്സ്‌ലി ഇന്ത്യയിൽനിന്നും മടങ്ങിയപ്പോൾ കുഞ്ഞമ്മ ഇട്ടി ആദ്യത്തെ ഭാരതീയ പ്രിൻസിപ്പൽ ആയി. പിന്നീട് പലരും ആ ചുമതല നിർവ്വഹിച്ചു. ഇതിനിടെ, ബി.എസ്.സി. നഴ്സിംഗ്, എം.എസ്.സി. നഴ്സിംഗ് പഠനത്തിനുവേണ്ടി ടി.എം.എം. കോളജ് ഓഫ് നഴ്സിംഗ്, കവിയൂരിൽ ആരംഭിച്ചു കഴിഞ്ഞിരുന്നു. 2017ൽ സ്കൂൾ ഓഫ് നഴ്സിംഗും, അതേ കോംപൗണ്ടിലേക്ക് മാറ്റുകയും രണ്ട് സ്ഥാപനങ്ങളും ഒരേ പ്രിൻസിപ്പാളിന്റെ കീഴിൽ കൊണ്ടുവരികയും ചെയ്തു.

ഇതിനോടകം റ്റി.എം.എം. നഴ്സിംഗ് സ്കൂളിൽനിന്നും പരിശീലനം നേടിയ 1700 ഓളം നഴ്സുമാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് സേവനനിരതരായി പോവുകയുണ്ടായി. റ്റി.എം.എം.ന് അഭിമാനം പരത്തിക്കൊണ്ട് അവരിൽ അനേകരും ഇന്നും കർമ്മ മണ്ഡലത്തിൽ സജീവമായിട്ടുണ്ട്. അനേകായിരങ്ങളുടെ ജീവിതത്തെ അവർ സ്വാധീനിക്കുന്നുമുണ്ട്. സാങ്കേതിക കാരണങ്ങളാൽ, ഈ വിദ്യാഭ്യാസ സ്ഥാപനത്തിന് ഈ വർഷം സമാപ്തി കുറിക്കപ്പെടുകയാണെങ്കിലും അത് സമൂഹത്തിൽ നട്ടുപിടിപ്പിച്ച നന്മ മരങ്ങൾ ഇനി ഏറെക്കാലം ഫലം പുറപ്പെടുവിച്ചുകൊണ്ടേയിരിക്കും. തർക്കമില്ല.

(മൊഴിമാറ്റം ചെയ്യപ്പെട്ടത്)

# ഒലിവ് ചില്ലകൾ പൂക്കുമ്പോൾ

തുടർച്ചയായി മൂന്നാം വർഷവും ടി.എം.എം, ഒലിവ് ചില്ലകൾ പൂക്കുമ്പോൾ എന്ന ക്രിസ്മസ് – പുതുവത്സര പരിപാടി സംഘടിപ്പിക്കുകയുണ്ടായി. ഇത്തവണ ഓൺലൈനായി നടന്ന പരിപാടിയിൽ, ഫുഡ്കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ അസ്സിസ്റ്റന്റ് ജനറൽ മാനേജർ സജി മാത്യു മുഖ്യ സന്ദേശം നൽകി. സ്പിരിച്ചൽ കമ്മിറ്റി കൺവീനർ ജോൺ ബഞ്ചമിൻ അദ്ധ്യക്ഷനായിരുന്നു. ചെയർമാൻ അലക്സ് വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു.

ആശുപത്രിയുടെ വിവിധ ശാഖകളിലെയും സ്കൂൾ/കോളേജ് ഓഫ് നഴ്സിംഗിലെയും സ്റ്റാഫും വിദ്യാർത്ഥികളും വിവിധപരിപാടികൾ അവതരിപ്പിച്ചു. ഒരാഴ്ച ദീർഘിച്ച വിവിധ മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ചവർക്ക് സമ്മാനം വിതരണം ചെയ്തു.

ബെന്നി ഫിലിപ്പ്, ജോർജ്കോശി, തോമസ് കോര എന്നിവരും ആശുപത്രി പ്രവർത്തകരും വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

# TMM SoN & CoN ACCOLADES



**Dr. Reji Johnson**
Secretary, CoN & SoN

John Ruskin once said Quality is never an accident. It is always the result of intelligent effort. The faculty at TMM college of Nursing are always inspiring students to strive for excellence by demonstrating excellence as an educator. They study and achieve to show that the students that they too can do the same; this was display when

**1. Conferred with PHD**



(Shri Jagdishprasad Jhabarmal Tibrewalauniversity, Rajasthan)

1.1 Prof Blessy Peter, Principal of the College, “Analysis of gate control theory application on pain in helfer skin tap during intramuscular injection among children”;

1.2 Prof Reshmi Siby, HODOBG, “Effects of selected maternal position on non-stress test(NST) result among antenatal mothers”

1.3. Ph.D researcher scholar :-Mrs. Beena Abraham motivated by her colleagues’ achievement, has been certified in Palliative care & dedicated herself in pursuing her Ph.D.

**2.Excellence in Research Publications:**

Academic success depends on research and publications, and universities worldwide grade faculty in terms of their quest for research in un-thoughtof areas and the TMM CoN Management motivates faculty at CoN to add value to their credentials in this realm also. The following faculty have presented outstanding papers in journals of repute:-

Prof. Dr. Blessy Peter, Prof. Dr. ReshmiSiby, Mrs. Bindu Nair, Mrs. Bindu Nair & Mrs. Jaya M,Mrs. Rini Anna J ,Mrs. Midhu Elsa Jacob, Mrs. Manjima M, Mrs. Shruti M Roy and Mrs. Sindhu C Philip

**3.Webinars:**

Research has established that people will forget what you said, people will forget what you did, but people will never forget how you made them feel. In the effort to enhance knowledge in career choices for outgoing students of B.Sc., M.Sc. &GNM, three webinars have been so far conducted in the current series. It was also opened to outside members. The speakers have been College Alumni’s.

| | | |
|---|---|---|
| 1 | Career Opportunities & Challenges in UK & Australia | Grace Varghese, UK &ShamiliRajendran, Australia |
| 2 | Career Opportunities & Challenges in Canada & UAE | SonuGipin, Canada & Rebecca Mathew, UAE |
| 3 | Career Opportunities in Nursing | Anila A.S, UK & Libby Thomas, USA |

**4. Sports Excellence**

Ross Perot Said “Most people give up just when they’re about to achieve success. They quit on the one yard line. They give up at the last minute of the game one foot from a winning touchdown.”– but it is not so with our students.

In the SNA South East Zonal Sports event in early 2020, Abirami Suresh from 3rd year B.Sc. won the coveted Individual Out-Door Championship having won the first prize in Discuss Throw and 2nd in Javelin.

Also, AninaBiju from 1st year B.Sc. won the 2nd place in 200 mts.

## മേരിക്കൊച്ചമ്മ ഓട്ടം പൂർത്തിയാക്കി

റ്റി.എം.എം. സ്കൂൾ ഓഫ് നഴ്സിംഗിൽ ദീർഘസംവത്സരങ്ങൾ ഹോസ്റ്റൽ മേട്രൺ ആയി സേവനം അനുഷ്ഠിച്ച ശ്രീമതി എസ്.എ. മേരി ഒക്ടോബർ 22 ന് നിര്യാതയായി. ഈ കാലയളവിൽ നൂറുകണക്കിന് നഴ്സിംഗ് വിദ്യാർത്ഥിനികളുടെ ജീവിതത്തെ സാമൂഹിക നന്മയ്ക്കും, ദൈവരാജ്യ വികാസത്തിനുമായി രൂപപ്പെടുത്തിയെടുക്കുന്നതിൽ സ്തുത്യർഹമായ ഒരു പങ്ക് അവർ നിർവ്വഹിക്കുകയുണ്ടായി. റ്റി.എം.എം. ഭരണസമിതി, കുടുംബാംഗങ്ങളോട് ഖേദം പങ്കുവയ്ക്കുകയും, CoN പ്രസിഡന്റ് പീറ്റർ ജോസഫ് പുഷ്പചക്രം അർപ്പിക്കുകയും ചെയ്തു. സ്കൂൾ അലുമ്നി അസോസിയേഷന്റെ നേതൃത്വത്തിൽ വിദേശരാജ്യങ്ങളിൽ അനുസ്മരണ സമ്മേളനങ്ങൾ നടന്നു. പൂർവ്വവിദ്യാർത്ഥിനിയായ ഗ്രേസ് സാം ഡാളസാണ് സമ്മേളനത്തിന് നേതൃത്വം നൽകിയത്.



## ഒഫ്താൽമോളജി വിഭാഗം തുടങ്ങി




തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റലിൽ ഒഫ്താൽമോളജി വിഭാഗം കൂടുതൽ സജീവമായി. ഡോ. മാൻസി മാത്യു ചാർജ്ജെടുത്തു. ഈ വിഭാഗത്തിലേക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ തുടരുന്നു.

# റ്റി.എം.എമ്മിന് പുതിയ ഭരണസമിതി

ആഗസ്റ്റ് 15ന് നടന്ന ട്രസ്റ്റ് പൊതുയോഗത്തിൽ അടുത്ത വർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു. കേണൽ (റിട്ട) അലക്സ് വർഗീസ് (ചെയർമാൻ), സണ്ണി തോമസ് (വൈസ് ചെയർമാൻ), ബെന്നി ഫിലിപ്പ് (സെക്രട്ടറി) ജേക്കബ് ജോൺ (ജോ. സെക്രട്ടറി), ഏബ്രഹാം വർക്കി (ട്രഷറാർ), തോമസ് കോര (ജോ. ട്രഷറാർ) എന്നിവരാണ് ഭരണസമിതിയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഔദ്യോഗിക ഭാരവാഹികൾ.

കൂടാതെ വിവിധ കമ്മിറ്റികളും അവയുടെ കൺവീനർമാരും തെരഞ്ഞെടുക്കപ്പെട്ടു. രാജു തോമസ്, ജേക്കബ് അലക്സാണ്ടർ എന്നിവർ പൊതു സമിതിയിലേക്കും പുതുതായി തെരഞ്ഞെടുക്കപ്പെട്ടു.


Col.Retd.Alex Varghese (Chairman)


Mr. Sunny Thomas (Vice Chairman)


Mr. Benny Philip (Secretary)


Mr. Jacob John (Joint Secretary)


Mr. Abraham V Varkey (Treasurer)


Mr. Thomas Korah (Joint Treasurer)


Mr. Saji Mathew (Member)


Mr.George Koshy (Member)


Dr. Reji Johnson (Member)


Mr. Sabu Abraham (Member)


Mr. Reji Sam Cherian (Member)


Mr. Peter Joseph (Member)


Mr. John Benjamin (Member)


Mr. Jaison James (Member)


Mr. Jacob Mathew (Member)


Mr. Thomas John (Member)


Mr. Ebby George (Member)


Mr. Biju Abraham (Member)


Dr. Jaison J V (Member)


Mr. Sam Abraham Parayil (Member)


Mr. Jacob Alexander T (Member)


Mr. Raju Thomas (Member)


Mr. Denny John (Member)

# തീരത്തിന് മാലാഖമാരുടെ സ്നേഹവും



തിരുവനന്തപുരം നഗരസഭയുടെ *തീരത്തിനൊരു കൈത്താങ്ങ്* പദ്ധതിയിലേക്ക് സഹായവുമായി മാലാഖമാരുടെ കൂട്ടായ്മയും. തിരുവല്ല മെഡിക്കൽ മിഷൻ നഴ്സിംഗ് സ്കൂളിൽ 1997ൽ പഠിച്ചിറങ്ങിയ 48-ാം ബാച്ചിലെ പൂർവ്വ വിദ്യാർത്ഥികളാണ് പദ്ധതിയിലേക്ക് 85,000 രൂപയുടെ സഹായം കൈമാറിയത്. നഴ്സിംഗ് സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയായ ഷീന റോയിയിൽ നിന്ന് മേയർ കെ. ശ്രീകുമാർ ചെക്ക് ഏറ്റുവാങ്ങി. സഹായം നൽകിയ കൂട്ടായ്മയിലെ അംഗങ്ങളോട് മേയർ നന്ദി പറഞ്ഞു.


Printed & Published by : Media & Marketing Committee, TMM, Edited by : George Koshy, Mylapra